File No.LBRD-F1/105/2017-LBRD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തൊഴിലും നൈപുണ്യവും വകുപ്പ് – ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് – കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.കെ.രാജേഷിനെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

G.O.(Rt)No.655/2018/LBR തീയതി,തിരുവനന്തപുരം, 31/05/2018

---

പരാമർശം:- 1) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 20.10.2015 ലെ ഡി.3-20251/2015/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 03.11.2015, 25.05.2017 എന്നീ തീയതികളിലെ ഡി.3-20251/2015/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

3) 20.01.2016 ലെ 23023/എഫ്1/15/തൊഴിൽ നമ്പർ കുറ്റപത്രം.

4) 05.04.2016 ലെ സ.ഉ (സാധാ)നം. 529/2016/തൊഴിൽ.

5) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 30.08.2016 ലെ ഡി3-20251/2015/ഡി.ഐ.എം.എസ് നമ്പർ കത്ത് പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

6) 22.07.2017 ലെ എഫ്1/105/17/തൊഴിൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

7) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 30.04.2018 ലെ A1(2)9969/17/ജി ഡബ്ല്യു നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി 16.04.1999 ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.കെ.രാജേഷിന്റെ പ്രൊബേഷൻ കാലയളവ് 03.07.2001 ൽ പൂർത്തീകരിച്ചു. ടി വ്യക്തി 06.06.2006 ൽ DMRD ( Diploma in Medical Radio Diagnosis) എന്ന പി.ജി

കോഴ്സിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ക്വാട്ടയിൽ പ്രവേശനം നേടുകയും 05.06.2008 ൽ കോഴ്സ് പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പി.ജി കോഴ്സ് കഴിഞ്ഞ ശേഷം 5 വർഷം വകുപ്പിനെ സേവിച്ചുകൊള്ളാമെന്നായിരുന്നു ടി വ്യക്തി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥ. പി.ജി പഠനത്തിനു ശേഷം 06.06.2008 ൽ സർവ്വീസിൽ പ്രവേശിച്ച ഡോ.കെ.രാജേഷ് കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു കൊണ്ടിരിക്കെ വ്യക്തിപരമായ ആവശ്യത്തിനായി 17.05.2015 മുതൽ 120 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച ശേഷം ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിന്നു. അവധി അനുവദിക്കാൻ കഴിയില്ലായെന്നും എത്രയും വേഗം ജോലിക്ക് ഹാജരാകണമെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടും ടി വ്യക്തി ജോലിക്ക് ഹാജരാകുകയുണ്ടായില്ല. മാത്രവുമല്ല ടി വ്യക്തിയുടെ അവധി അപേക്ഷയുടെ കാലയളവ് 13.09.2015 ന് അവസാനിച്ചിട്ടും ടി വ്യക്തി ജോലിക്ക് ഹാജരാകുകയുണ്ടായില്ല. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ഡോ.കെ.രാജേഷിനെ സസ്പെന്റ് ചെയ്ത് പരാമർശം - 1 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി വ്യക്തിക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം – 2 പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി.

2) ഡോ.കെ.രാജേഷിനെതിരെ അനധികൃത ഹാജരില്ലായ്മക്ക് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം 3 പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തു. ടി വ്യക്തി 05.02.2016 ൽ കുറ്റപത്രം കൈപ്പറ്റിയെങ്കിലും എതിർവാദ പത്രിക സമർപ്പിക്കാത്ത സാഹചര്യത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അന്വേഷണം നടത്താൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ഉത്തര മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം - 4 പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പരാമർശം 5 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാകാൻ നിർദ്ദേശം നൽകിയിട്ടും ഡോ.കെ.രാജേഷ് ഹാജരായിട്ടില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഡോ.രാജേഷ് ജോലി ചെയ്തിരുന്ന ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ കോടികൾ വിലവരുന്ന അത്യാധുനിക സി.റ്റി സ്കാനർ

സ്ഥാപിക്കാനിരിക്കുകയാണെന്നും ആയത് ഡോ.കെ.രാജേഷിന് ബോധ്യമുള്ളതാണെന്നും വകുപ്പ് അദ്ധ്യക്ഷ ടി വ്യക്തിയുടെ അവധി അപേക്ഷ തള്ളിക്കൊണ്ട് ഇക്കാര്യം ഓർമ്മിപ്പിച്ചതാണെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിന് തനിക്കുള്ള ന്യായാന്യായങ്ങൾ വിശദീകരിക്കുന്നതിനും തന്റെ വാദങ്ങൾ മേലധികാരികളെ ധരിപ്പിക്കുന്നതിനും തെറ്റ് തിരുത്തി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനും മതിയായ അവസരങ്ങൾ നൽകിയിട്ടും, അതുപയോഗിക്കാതെ സർക്കാർ സംവിധാനങ്ങളെയും സർക്കാർ ജീവനക്കാരൻ പാലിക്കേണ്ടതായ നിയമ വ്യവസ്ഥകളെയും വെല്ലുവിളിക്കുകയും മേലധികാരികളെ അനുസരിക്കാതിരിക്കൽ, ചട്ടങ്ങളും നിയമങ്ങളും ലംഘിക്കൽ, ഗുരുതലമായ അച്ചടക്ക രാഹിത്യം എന്നിവ ചെയ്തതായി ഉത്തര മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ബോദ്ധ്യപ്പെട്ടു. അതിനാൽ ടി ഡോക്ടറോട് യാതൊരുവിധ അനുകമ്പയുടെയും ആവശ്യമില്ലന്നും ഡോ.രാജേഷിനെ 17.05.2015 മുതൽ സർവ്വീസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്.

4) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.രാജേഷിനെ അനധികൃതമായി ഹാജരാകാതിരുന്ന 17.05.2015 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ സർക്കാർ താല്ക്കാലിക തീരുമാനം എടുക്കുകയും പരാമർശം - 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസ് 31.07.2017 ൽ കൈപ്പറ്റിയിട്ടും ടി വ്യക്തി പ്രതികരിച്ചില്ല. ടി സാഹചര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.രാജേഷിനെ അനധികൃതമായി ഹാജരാകാതിരുന്ന 17.05.2015 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യാൻ സർക്കാർ തീരുമാനിക്കുകയും സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയുമുണ്ടായി.

5) സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് ബഹു. കമ്മീഷൻ യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം - 7 പ്രകാരം അറിയിച്ചിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ.കെ.രാജേഷിനെ ടി വ്യക്തി അനധികൃതമായി ഹാജരാകാതിരുന്ന 17.05.2015 തീയതി പ്രാബല്യത്തിൽ

സർവ്വീസിൽ നിന്ന് നീക്കം ചെയ്യാനുള്ള സർക്കാരിന്റെ താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടി വ്യക്തിക്കെതിരായ അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TOM JOSE
ADDITIONAL CHIEF SECRETARY

പകർപ്പ്

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.കെ.രാജേഷ്, ഹൗസ് നം. 27/266, സൗപർണിക, നേതാജി റോഡ്, പുതിയറ, കോഴിക്കോട് - 673 004 (ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് മുഖേന)
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)(ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി
ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
ഒപ്പ്,
സെക്ഷൻ ഓഫീസർ.

<u>രജിസ്റ്റേർഡ്.</u>
<u>മേലെഴുത്ത് നം.ഡി3-20251/2015/ഡി.ഐ.എം.എസ് തീയതി 6-07-2018.</u>

ടി സർക്കാർ ഉത്തരവ് അറിവിലേക്കും തുടർനടപടികൾക്കുമായി അയച്ചുതരുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ~~ഡയറക്ടർക്ക്~~ വേണ്ടി

സ്വീകർത്താവ്-
ഡോ.കെ.രാജേഷ്,
ഹൗസ് നം. 27/266,
സൗപർണ്ണിക,
നേതാജി റോഡ്,
പുതിയറ, കോഴിക്കോട്-673 004.

പകർപ്പ്-
1) അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഉത്തര മേഖല, കോഴിക്കോട്.
3) സൂപ്രണ്ട്,ഇ.എസ്.ഐ. ആശുപത്രി, ഫെറൂഖ്.
4) വെബ്സൈറ്റ്.
5) ഇ1 സെക്ഷൻ
6) ഫയൽ/ സ്റ്റോക്ക് ഫയൽ